# അദ്ധ്യായം 58 : സൂറത്തുൽ മുജാദില- سورة المجادلة

**മദീനയിൽ അവതരിച്ചു : സൂക്തങ്ങൾ 22**

**ആമുഖം**

ഈ അദ്ധ്യായത്തിലെ എല്ലാ സൂക്തങ്ങളിലും അള്ളാഹു എന്ന പദം ഒന്നോ അതിലധികമോ പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്.

**മുജാദില:എന്നാൽ തർക്കിക്കുന്നവൾ എന്നാണർത്ഥം**

വിവാഹ മോചനത്തിനായി أنت علي كظهرأمي (എന്നെ സംബന്ധിച്ച് നീ എന്റെ മാതാവിന്റെ മുതുകു പോലെയാകുന്നു) എന്ന് ഭാര്യയോട് പറയൽ ജാഹിലിയ്യാകാലത്ത് അറബികൾക്കിടയിൽ നടപ്പുണ്ടായിരുന്നു. മാതാവുമായി ഭാര്യാഭർത്യ് ബന്ധം പാടില്ലാത്തത് പോലെ നാം തമ്മിലും പാടില്ല എന്ന് സാരം. ഇങ്ങനെ പറഞ്ഞുകഴിഞ്ഞാൽ വിവാഹ ബന്ധംവേർപെട്ടതായി കണക്കാക്കപ്പെട്ടിരുന്നു ഇതിനാണ് **ളിഹാർ** എന്ന് പറയുന്നത്

ഔസുബ്നുസ്സ്വാമിത്(റ) ഒരു വൃദ്ധനായ സഹാബിയായിരുന്നു. വയസ്സായതോടെ തന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങളുണ്ടാവാൻ തുടങ്ങി) ചില സമയത്ത് ഭാര്യയോടുള്ള ആഗ്രഹം അടക്കാൻ പറ്റാതായി(റാസി)) ഭാര്യയായ ഖൌല ബീവിയുടെ സംസാരം ഒരിക്കൽ തനിക്ക് ഇഷ്ടപ്പെട്ടില്ല.ഉടൻ താൻ അവരെ ളിഹാർ ചെയ്തു.താമസിയാതെത്തന്നെ അദ്ദേഹം ഖേദിക്കുകയും പറഞ്ഞ വാക്ക് മടക്കിയെടുത്തു എന്ന നിലയിൽ ഭാര്യയെ സമീപിക്കുകയും ചെയ്തു. പക്ഷെ ഭാര്യ അത് അനുവദിച്ചില്ല.നിങ്ങൾ ളിഹാർ ചെയ്ത സ്ഥിതിക്ക് അള്ളാഹുവിന്റെയും റസൂലിന്റെയും വിധി എന്താണെന്ന് അറിയാതെ പറ്റില്ലെന്ന് അവർ പറഞ്ഞു.(ഇസ് ലാമിലെ ആദ്യത്തെ ളിഹാറായിരുന്നു അത്) ഖൌല:ബീവി(റ)നബി(സ)യെ സമീപിച്ചു കൊണ്ടിങ്ങനെ പറഞ്ഞു. അള്ളാഹുവിന്റെ ദൂതരേ! ഔസ് എന്നെ വിവാഹം ചെയ്തപ്പോൾ ഞാൻ യുവതിയായിരുന്നു ഇപ്പോൾ എനിക്ക് വയസ്സായി.കുറെ മക്കളുമുണ്ട്.ഇപ്പോൾ അദ്ദേഹം എന്നെ ളിഹാർ ചെയ്തിരിക്കുന്നു.അങ്ങനെ ചെയ്തതിൽ അദ്ദേഹത്തിനും വിഷമമുണ്ട്.അതിനാൽ എന്റെ കാര്യത്തിൽ വല്ല ഒഴികഴിവുമുണ്ടെങ്കിൽ അത് ഞങ്ങൾക്ക് വലിയ ആശ്വാസമാവുമായിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു.നിങ്ങളുടെ കാര്യത്തിൽ ഒന്നും അള്ളാഹു എനിക്ക് അവതരിപ്പിച്ചു തന്നിട്ടില്ല.നിങ്ങൾ അദ്ദേഹത്തിനു നിഷിദ്ധമാണെന്നല്ലാതെ ഒന്നും ഞാൻ കാണുന്നില്ല. അപ്പോൾ ഖൌല:ബീവി അദ്ദേഹം എന്നെ ത്വലാഖ് ചൊല്ലിയിട്ടില്ലല്ലോ എന്നും മറ്റും പറഞ്ഞ് അവർ നബി(സ)യോട് തർക്കിച്ചു.

പിന്നീട് ഇങ്ങനെ പരാതി പറയുവാൻ തുടങ്ങി. അള്ളാഹുവേ! ഞാൻ ഒറ്റപ്പെടുന്നതിലുള്ള കഷ്ടപ്പാടും ഞാൻ പിരിഞ്ഞു പോകുന്നതിലുള്ള വിഷമതയും നിന്നോട് ഞാൻ സങ്കടപ്പെടുന്നു. എനിക്ക് കുറെ ചെറിയ മക്കളുണ്ട്.അവരെ അദ്ദേഹത്തോടൊപ്പം നിർത്തിയാൽ അവർ (ഉമ്മയുടെ പരിചരണം കിട്ടാതെ) പാഴായിപ്പോകും.എന്റെ കൂടെ നിർത്തിയാൽ (ഭക്ഷണം കിട്ടാതെ) അവർ വിശന്ന് പോകും അത് കൊണ്ട് അള്ളാഹുവേ ഞാൻ നിന്നോട് സങ്കടപ്പെടുന്നു നിന്റെ പ്രവാചകന് എന്റെ കാര്യത്തിൽ നീ വഹ് യ് നൽകേണമേ! അധികം താമസിയാതെ ഈ അദ്ധ്യായത്തിന്റെ ഒന്നു മുതൽ നാലു കൂടിയ സൂക്തങ്ങൾ അവതരിച്ചു(ളിഹാർ ചെയ്തവർ പ്രായശ്ചിത്തം ചെയ്ത് പഴയപോലെ ജീവിതം തുടരാം അത് ത്വലാഖായി കണക്കാക്കേണ്ടതില്ല എന്ന് സ്ഥിരീകരിക്കുന്നതാണീ സൂക്തങ്ങൾ)

ഒരിക്കൽ വഴിയോരത്ത് ഒരു വൃദ്ധയായ സ്ത്രീ ഉമർ ബിൻ ഖത്താബ്(റ)നെ വഴിയിൽ തടഞ്ഞു നിർത്തി.വളരെ നേരം സംസാരിച്ചു.കൂടെയുള്ള ചിലർ എന്തിനാണീ വൃദ്ധക്ക് വേണ്ടി ഇങ്ങനെ സമയം കളയുന്നത് എന്ന് ചോദിച്ചപ്പോൾ ഈ സ്ത്രീ ആരാണെന്ന് നിങ്ങൾക്ക് അറിയാമോ? ഈ സ്ത്രീയുടെ സങ്കടം കേട്ട് അള്ളാഹു അതിനു ഉത്തരം ചെയ്ത സ്ത്രീയാണ്.അവർ എന്നെ രാത്രി വരെ ഇവിടെ തടഞ്ഞ് നിർത്തിയാലും നിസ്ക്കാര സമയത്ത് പോയി നിസ്ക്കരിച്ച് വീണ്ടും ഞാൻ അവരുടെ വാക്കുകൾക്ക് കാതോർക്കും.അവർക്ക് പറയാനുള്ളത് തീർന്നല്ലാതെ ഞാൻ മടങ്ങില്ല എന്ന് ഉമർ(റ)പറഞ്ഞു.ആ വൃദ്ധയാണീ ഖൌല:(റ) ഇബ്നു കസീർ/ഖുർത്വുബി)

**بسم الله الرحمن الرحيم**

പരമ കാരുണികനും കരുണാവാരിധിയുമായ അള്ളാഹുവിന്റെ എല്ലാ നാമങ്ങളും പറഞ്ഞ് അനുഗ്രഹം തേടിക്കൊണ്ട് ഞാൻ ആരംഭിക്കുന്നു

1)

**قَدْ سَمِعَ اللَّهُ قَوْلَ الَّتِي تُجَادِلُكَ فِي زَوْجِهَا وَتَشْتَكِي إِلَى اللَّهِ وَاللَّهُ يَسْمَعُ تَحَاوُرَكُمَا إِنَّ اللَّهَ سَمِيعٌ بَصِيرٌ**

**തന്റെ ഭർത്താവിന്റെ കാര്യത്തിൽ തങ്ങളോട് തർക്കിക്കുകയും അള്ളാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അള്ളാഹു കേൾക്കുക തന്നെ ചെയ്തിരിക്കുന്നു(സ്വീകരിച്ചിരിക്കുന്നു) നിങ്ങൾ രണ്ട് പേരും സംഭാഷണം നടത്തുന്നത് അള്ളാഹു കേൾക്കുന്നുമുണ്ടായിരുന്നു, നിശ്ചയമായും അള്ളാഹു കേൾക്കുന്നവനും കാണുന്നവനുമാകുന്നു**

ഇവിടെ തർക്കിക്കുന്നവൾ ഖൌല ബിൻത് ഖുവൈലിദ് ആണെന്നും തർക്ക വിഷയം ളിഹാറാണെന്നും മുകളിലെ ആമുഖ വിശദീകരണത്തിൽ നിന്ന് വ്യക്തമായിട്ടുണ്ടല്ലോ!

2)

**الَّذِينَ يُظَاهِرُونَ مِنكُم مِّن نِّسَائِهِم مَّا هُنَّ أُمَّهَاتِهِمْ إِنْ أُمَّهَاتُهُ مْ إِلَّا اللَّائِي وَلَدْنَهُمْ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ الْقَوْلِ وَزُورًا وَإِنَّ اللَّهَ لَعَفُوٌّ غَفُورٌ**

**നിങ്ങളിൽ നിന്ന് സ്വന്തം ഭാര്യമാരെ ളിഹാർ(ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കൽ) ചെയ്യുന്നവർ(അബദ്ധമാണ് പ്രവൃത്തിക്കുന്നത്) ഇവർ(ഭാര്യമാർ) അവരുടെ മാതാക്കളല്ല അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകൾ മാത്രമാണ് നിശ്ചയമായും അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത് നിശ്ചയമായും അള്ളാഹു വളരെ മാപ്പ് നൽകുന്നവനും പൊറുക്കുന്നവനുമാകുന്നു**

നീ എന്റെ ഉമ്മയെപോലെയാണെന്ന് പറയുമ്പോഴേക്ക് അവൾ മാതാവാകില്ലെന്നും മാതാക്കൾക്ക് തുല്യരായി ഭാര്യമാരെ പറയുന്നത് വളരെ മോശമായ വാക്കും കള്ളവുമാണ്.കാരണം ഉമ്മ നിങ്ങളെ പ്രസവിക്കുന്നവരാണ്.ഭാര്യമാർ നിങ്ങളെ പ്രസവിച്ചരല്ലല്ലോ! എന്നും അങ്ങനെ നിങ്ങൾ പറഞ്ഞുപോയ ഈ കള്ളം അള്ളാഹു മാപ്പ് നൽകുമെന്നുമാണിവിടെ പറഞ്ഞത് ഇത്തരം അനാവശ്യവാക്കുകൾ പറഞ്ഞതിൽ നിന്ന് രക്ഷപ്പെടാനായി പ്രായശ്ചിത്തം അള്ളാഹു വെച്ച അനുഗ്രഹം തന്നെ

3)

**وَالَّذِينَ يُظَاهِرُونَ مِن نِّسَائِهِمْ ثُمَّ يَعُودُونَ لِمَا قَالُوا فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن يَتَمَاسَّا ذَلِكُمْ**

**تُوعَظُونَ بِهِ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ**

**തങ്ങളുടെ ഭാര്യമാരോട് ളിഹാർ (ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കൽ) ചെയ്യുകയും എന്നിട്ട് പറഞ്ഞതിൽ മടങ്ങുകയും ചെയ്യുന്നവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി അവർ ഒരു അടിമയെ സ്വതന്ത്രമാക്കണം ഇപ്പറഞ്ഞത് മൂലം നിങ്ങൾക്ക് ഉപദേശം നൽകപ്പെടുകയാണ് നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അള്ളാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു**

ളിഹാർ ചെയ്ത ശേഷം അതിൽ മടങ്ങാനുദ്ദേശിക്കുന്നവർ(വീണ്ടും ഭാര്യയുമായി ശാരീരിക ബന്ധം പുലർത്തുക എന്നാണ് മടങ്ങുക എന്നതിന്റെ താല്പര്യം)സ്പർശനത്തിനു മുമ്പ് പ്രായശ്ചിത്തം ചെയ്യണം

അതിനു ശേഷമേ സ്പർശനം പാടുള്ളൂ.ഒരു അടിമയെ മോചിപ്പിക്കലാണ് പ്രായശ്ചിത്തം.

നിങ്ങൾക്ക് ഉപദേശം നൽകപ്പെടുകയാണെന്നതിന്റെ താല്പര്യം അല്ലാഹു നിങ്ങളോടിത് കൽപ്പിച്ചിരിക്കുന്നു ഇതിൽ അമാന്തമരുതെന്നാണ്. ഇതിലൊരു വീഴ്ചയും വരുത്തരുത് കാരണം നിങ്ങൾ പ്രവൃത്തിക്കുന്നതൊക്കെ അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട് എന്ന് അല്ലാഹു പറഞ്ഞിരിക്കുകയാണിവിടെ

4)

**فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ من قَبْلِ أَن يَتَمَاسَّا فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ مِسْكِينًا ذَٰلِكَ لِتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتِلْكَ حُدُودُ اللَّهِ وَلِلْكَافِرِينَ عَذَابٌ أَلِيمٌ**

**ഇനി ആർക്കെങ്കിലും അടിമ ലഭിച്ചിട്ടില്ലെങ്കിൽ പരസ്പരം സ്പർശിക്കുന്നതിനു മുമ്പ് അവൻ തുടർച്ചയായി രണ്ട് മാസം നോമ്പ് അനുഷ്ഠിക്കണം ആർക്കെങ്കിലും (അതിനും) സാധിക്കാതെ വന്നാൽ അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകണം അത് (ഇങ്ങനെയെല്ലാം വിവരിച്ച് തരുന്നത് )അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടിയാണ്.അല്ലാഹുവിന്റെ നിയമ പരിധികളാണിത് സത്യ നിഷേധികൾക്ക് വേദനാജനകമായ ശിക്ഷയുണ്ട്**

അടിമയെ സ്വതന്ത്രമാക്കാൻ സാധിക്കാത്തവൻ(അടിമയെ ലഭിക്കാത്തത് കൊണ്ടോ അടിമയെ വാങ്ങാനുള്ള ധനസ്ഥിതി ഇല്ലാത്തത് കൊണ്ടോ ആവാം)ഭാര്യയുമായുള്ള ശാരീരികബന്ധത്തിനു മുമ്പ് തുടർച്ചയായി രണ്ട് മാസം നോമ്പ് അനുഷ്ഠിക്കണം.അതിനു കഴിയാത്ത പക്ഷം അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകണം ഇതാണ് പ്രായശ്ചിത്തത്തിന്റെ ക്രമം.അടിമയില്ലെങ്കിൽ നോമ്പ് അതു സാദ്ധ്യമല്ലെങ്കിൽ ഭക്ഷണം എന്ന ക്രമം പാലിക്കണം .അഥവാ അടിമയെ ലഭിക്കുമെങ്കിൽ നോമ്പു കൊണ്ടും നോമ്പിനു കഴിയുമെങ്കിൽ ഭക്ഷണം കൊടുത്തു കൊണ്ടും പ്രായശ്ചിത്തം സാധുവാകുകയില്ല. ഇതൊരു കർശന നിയമമാണെന്നും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചവർ ഇത് സ്വീകരിച്ചേ മതിയാവൂ എന്നും ളിഹാർ ചെയ്യൽ കുറ്റവും പ്രായശ്ചിത്തം അല്ലാഹുവിനുള്ള അനുസരണവുമാണെന്നും അത് അംഗീകരിക്കാതെ നിഷേധം കൈക്കൊണ്ടാൽ ശിക്ഷ സുനിശ്ചിതമാണെന്നുമുണർത്തിയിരിക്കുകയാണ്

ഇമാം റാസി(റ)എഴുതുന്നു. ഈ സൂക്തങ്ങൾ അവതരിച്ചപ്പോൾ നബി(സ) ഔസിനോട് തന്റെ സമീപത്ത് വരാനായി ആളെ അയച്ചു.ഔസ്(റ)വന്നപ്പോൾ നബി(സ) അദ്ദേഹത്തോട് ചോദിച്ചു.ഇങ്ങനെ ഭാര്യയോട് പറയാൻ നിങ്ങൾക്ക് എന്തായിരുന്നു പ്രേരണ?അദ്ദേഹം പറഞ്ഞു.പിശാചാണ് എന്നെ അതിനു പ്രേരിപ്പിച്ചത്.എനിക്ക് വല്ല ഇളവും ഉണ്ടോ നബിയേ!?അപ്പോൾ നബി(സ) ഈ നാല് സൂക്തങ്ങൾ ഓതിക്കൊണ്ട്

നിങ്ങൾക്ക് ഒരു അടിമയെ മോചിപ്പിക്കാനാവുമോ എന്ന് നബി(സ) ചോദിച്ചു.അള്ളാഹുവെ തന്നെ സത്യം എനിക്കതിനു കഴിവില്ല എന്ന് ഔസ്(റ)പറഞ്ഞു.എന്നാൽ തുടരെ രണ്ട് മാസം നോമ്പെടുക്കാനാവുമോ എന്ന് നബി(സ) ചോദിച്ചു.അപ്പോൾ ഒരു ദിവസത്തിൽ രണ്ട് തവണയെങ്കിലും ഭക്ഷണം കഴിച്ചില്ലെങ്കിൽ എന്റെ കണ്ണിൽ ഇരുട്ട് കയറുകയും മരിക്കുമെന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു (നോമ്പനുഷ്ഠിക്കാൻ കഴിയില്ല എന്ന് സാരം) അപ്പോൾ നബി(സ) ചോദിച്ചു.എന്നാൽ അറുപത് സാധുക്കൾക്ക് ഭക്ഷണം കൊടുക്കാൻ കഴിയുമോ?അത് ചെയ്യാം പക്ഷെ തങ്ങൾ എന്നെ സഹായിക്കണം എന്ന് ഔസ്(റ) പറഞ്ഞു.അങ്ങനെ നബി(സ)പകുതി നൽകുകയും പകുതി അദ്ദേഹം എടുക്കുകയും ചെയ്തു കൊണ്ട് അറുപത് സാധുക്കൾക്ക് ഭക്ഷണം കൊടുത്ത് കൊണ്ട് പ്രായശ്ചിത്തം ചെയ്തു

5)

**إِنَّ الَّذِينَ يُحَادُّونَ اللَّهَ وَرَسُولَهُ كُبِتُوا كَمَا كُبِتَ الَّذِينَ مِن قَبْلِهِمْ وَقَدْ أَنزَلْنَا آيَاتٍ بَيِّنَاتٍ وَلِلْكَافِرِينَ عَذَابٌ مُّهِينٌ**

**നിശ്ചയമായും അള്ളാഹുവോടും അവന്റെ റസൂലിനോടും മത്സരം നടത്തുന്നവർ അവർക്ക് മുമ്പുള്ളവർ നിന്ദിക്കപ്പെട്ടത് പോലെ നിന്ദിക്കപ്പെടുന്നതാണ്.വ്യക്തമായ പല ലക്ഷ്യങ്ങളും നാം അവതരിപ്പിക്കുക തന്നെ ചെയ്തിരിക്കുന്നു സത്യ നിഷേധികൾക്ക് നിന്ദ്യമായ ശിക്ഷയുണ്ട്**

അള്ളാഹുവിനെ അനുസരിക്കുന്ന സത്യവിശ്വാസികളെക്കുറിച്ച് പറഞ്ഞതിനു ശേഷം അള്ളാഹുവിനോടും പ്രവാചകനോടും എതിര് നിൽക്കുകയും മത്സരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് പറയുകയാണ്.അള്ളാഹുവും അവന്റെ ദൂതനും നിശ്ചയിച്ച നിയമ പരിധികൾ അതിലംഘിച്ച് അവരോട് മത്സരവും ശത്രുതയും നടത്തുന്ന ഇക്കൂട്ടർക്കുള്ള ശക്തമായ താക്കീതാണീ സൂക്തം.അള്ളാഹുവിന്റെ നിയമങ്ങളെ വെല്ലുവിളിക്കുന്നവർ നിന്ദിക്കപ്പെടുമെന്നാണ് അള്ളാഹു പറയുന്നത്.അള്ളാഹു നിയോഗിച്ച പ്രവാചകന്മാരെ ധിക്കരിക്കുക വഴി മുമ്പും പല വമ്പന്മാരും വഷളായിട്ടുണ്ട് എന്ന ചരിത്ര സത്യം ചൂണ്ടിക്കാട്ടിയാണ് അള്ളാഹു ഇത് പറയുന്നതെന്നത് ചിന്തിക്കുന്നവർക്ക് മറ്റൊരു തെളിവ് വേണ്ടാത്ത വിധം ഉൾക്കൊള്ളാനാവും.ബദ് റിലും മറ്റും മക്ക മുശ് രിക്കുകൾ ഇത് അനുഭവിച്ചിട്ടുണ്ട് . كُبِتُوا എന്നതിനു ശപിക്കപ്പെട്ടു , നശിപ്പിക്കപ്പെട്ടു, ശിക്ഷിക്കപ്പെട്ടു എന്നും അർത്ഥമുണ്ട്(ഖുർതുബി)

വ്യക്തമായ പല ലക്ഷ്യങ്ങളും നാം അവതരിപ്പിക്കുക തന്നെ ചെയ്തിരിക്കുന്നു എന്ന് പറഞ്ഞത് മുമ്പ് പ്രവാചകരോട് മത്സരിച്ചവർക്കുണ്ടായ ദുരവസ്ഥ വിശദീകരിച്ചിരിക്കുന്നു എന്നത്

ഉൾക്കൊള്ളുന്നുണ്ട്.ഭൂമിയിലെ തിരിച്ചടി കൊണ്ട് മാത്രം ഈ ധിക്കാരികളുടെ ദുരവസ്ഥ അവസാനിക്കുന്നില്ലെന്നും പരലോകത്തും ഇവരെ കാത്തിരിക്കുന്നത് നിന്ദ്യമായ ശിക്ഷയാണെന്നും ഉണർത്താനാണ് സത്യ നിഷേധികൾക്ക് നിന്ദ്യമായ ശിക്ഷയുണ്ട് എന്ന് ഉണർത്തിയിരിക്കുന്നത്

6)

**يَوْمَ يَبْعَثُهُمُ اللَّهُ جَمِيعًا فَيُنَبِّئُهُم بِمَا عَمِلُوا أَحْصَاهُ اللَّهُ وَنَسُوهُ وَاللَّهُ عَلَى كُلِّ شَيْءٍ شَهِيدٌ**

**അവരെയെല്ലാം അള്ളാഹു എഴുന്നേൽപ്പിക്കുന്ന ദിവസം. അപ്പോൾ അവർ പ്രവൃത്തിച്ചിരുന്നതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കും അള്ളാഹു അത് കണക്കാക്കി വെക്കുകയും അവരത് മറക്കുകയും ചെയ്തിരിക്കുന്നു അള്ളാഹു എല്ലാ കാര്യത്തിന്റെ മേലിലും സാക്ഷിയാണ്**

അവർക്ക് നിന്ദ്യമായ ശിക്ഷ ലഭിക്കുന്ന ദിനം ഉയിർത്തെഴുന്നേൽപ്പിക്കുന്ന ദിനമാനെന്നാണിവിടെ ഉണർത്തുന്നത്.അവർ ഭൂമിയിൽ വെച്ച് നടത്തിയ എല്ലാ ധിക്കാര നടപടികളുടെയും കുറ്റപത്രം അവർക്ക് മുന്നിൽ വിശദീകരിക്കപ്പെടുമെന്നാണ് അപ്പോൾ അവർ പ്രവൃത്തിച്ചിരുന്നതിനെപ്പറ്റിഅവരെ അവൻ വിവരമറിയിക്കും എന്ന് പറഞ്ഞതിന്റെ താല്പര്യം.ഓരോരുത്തരുടെയും പ്രവൃത്തികൾ അവരവരുടെ രേഖയിൽ എഴുതിവെക്കാനായി അള്ളാഹു മലക്കുകളെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അള്ളാഹു ഉണർത്തിയിട്ടുണ്ട്. ഓരോരുത്തരുടെയും ജീവിതം അവർക്ക് മുന്നിൽ തുറന്ന് വെച്ച് നിന്റെ ജീവ ചരിത്രം നീ തന്നെ വായിക്കുക എന്ന് അള്ളാഹു പറയുന്ന പുനരുന്ധാന ദിനത്തെ വിശദമായി ഖുർ ആൻ വിശദീകരിച്ചിട്ടുണ്ട് അള്ളാഹു എല്ലാ കാര്യത്തിന്റെ മേലിലും ശാക്ഷിയാണ് എന്ന് പറഞ്ഞത് നമ്മുടെ ഒരു ചലനവും അള്ളാഹുവിനു അവ്യക്തമല്ലെന്നാണ്.സ്വകാര്യ നിമിഷങ്ങളിൽ നാഥനെ വിസ്മരിക്കുന്നവർ ഈ വാക്ക്യമൊന്നു ഓർക്കേണ്ടത് തന്നെ!

7)

**أَلَمْ تَرَ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مَا يَكُونُ مِن نَّجْوَى ثَلَاثَةٍ إِلَّا هُوَ رَابِعُهُمْ وَلَا خَمْسَةٍ إِلَّا هُوَ سَادِسُهُمْ وَلَا أَدْنَى مِن ذَٰلِكَ وَلَا أَكْثَرَ إِلَّا هُوَ مَعَهُمْ أَيْنَ مَا كَانُوا ثُمَّ يُنَبِّئُهُم بِمَا عَمِلُوا يَوْمَ الْقِيَامَةِ إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ**

**ആകാശ ഭൂമികളിലുള്ളതെല്ലാം അള്ളാഹു അറിയുമെന്ന് അങ്ങേക്ക് അറിയില്ലേ?മൂന്നാളുകൾ കൂടി ഗൂഢസംഭാഷണം നടത്തുമ്പോൾ അവൻ അവരിൽ നാലാമനായിട്ടില്ലാതിരിക്കില്ല അഞ്ചാളുകൾ ഗൂഢസംഭാഷണം നടത്തുമ്പോൾ അവൻ അവരിൽ ആറാമനായിട്ടല്ലാതെയും ഉണ്ടാവുകയില്ല അതിലും താഴെയുള്ളതാവട്ടെ കൂടിയതാവട്ടെ (അവർ എവിടെയായിരുന്നാലും ശരി )അവരൊന്നിച്ച് അവനുണ്ടായിട്ടല്ലാതെ അത്**

**സംഭവിക്കുകയില്ല അനന്തരം അവർ പ്രവർത്തിച്ചതിനെ പറ്റി ഖിയാമത്ത് നാളിൽ അവൻ അവരെ വിവരം അറിയിക്കും അള്ളാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവൻ തന്നെയാകുന്നു**

അള്ളാഹു എല്ലാ കാര്യത്തിന്റെ മേലിലും സാക്ഷിയാണെന്ന് മുൻ സൂക്തത്തിൽ പറഞ്ഞല്ലോ .എവിടെ വെച്ചും എത്ര രഹസ്യമായും നടത്തുന്ന കാര്യങ്ങളെല്ലാം അള്ളാഹു അറിയുമെന്നും എന്നിട്ട് അതെക്കുറിച്ച് അന്ത്യനാളിൽ അവരെ ബോദ്ധ്യപ്പെടുത്തുമെന്നുമാണ് ഇവിടെ പറയുന്നത് .അള്ളാഹു അവരോടൊപ്പമുണ്ടാവുമെന്ന് പറഞ്ഞതിന്റെ താല്പര്യം അള്ളാഹുവിന്റെ അറിവ് അവരെ പരിപൂർണ്ണമായും വലയം ചെയ്തിട്ടുണ്ട് എന്നാണ്.കാരണം അള്ളാഹു സ്ഥലത്തിലേക്ക് ചേർത്തിപ്പറയപ്പെടുന്നതിനെ തൊട്ട് പരിശുദ്ധനാണെന്ന് നാം ഇവിടെ മനസ്സിലാക്കണം

ഇവിടെ അവരോടൊപ്പം അള്ളാഹു ഉണ്ടെന്ന് പറഞ്ഞത് അവന്റെ അറിവ് കൊണ്ടുള്ള ഒപ്പമാണുദ്ദേശ്യമെന്നതിൽ അഭിപ്രായ വ്യത്യാസമേഇല്ല എന്ന് അഥവാ ഇജ്മാഅ് ഉണ്ടെന്ന് പലരും ഉദ്ധരിച്ചിട്ടുണ്ട് അറിവ് മാത്രമല്ല അള്ളാഹുവിന്റെ കേൾവിയും കാഴ്ചയുമെല്ലാം അവരെ വലയം ചെയ്തിട്ടുണ്ടാവും ഈ സൂക്തത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലും അള്ളാഹുവിന്റെ അറിവിനെ പരാമർശിച്ചത് ശ്രദ്ധേയം തന്നെ(ഇബ്നു കസീർ)

8)

**أَلَمْ تَرَ إِلَى الَّذِينَ نُهُوا عَنِ النَّجْوَى ثُمَّ يَعُودُونَ لِمَا نُهُوا عَنْهُ وَيَتَنَاجَوْنَ بِالْإِثْمِ وَالْعُدْ وَانِ وَمَعْصِيَتِ الرَّسُولِ وَإِذَا جَاؤُوكَ حَيَّوْكَ بِمَا لَمْ يُحَيِّكَ بِهِ اللَّهُ وَيَقُولُونَ فِي أَنفُسِهِمْ لَوْلَا يُعَ ذِّبُنَا اللَّهُ بِمَا نَقُولُ حَسْبُهُمْ جَهَنَّمُ يَصْلَوْنَهَا فَبِئْسَ الْمَصِيرُ**

**ഒരു കൂട്ടരെ തങ്ങൾ കണ്ടിട്ടില്ലേ? ഗൂഢ സംഭാഷണത്തെക്കുറിച്ച് അവർ നിരോധിക്കപ്പെട്ടു നിരോധിക്കപ്പെട്ടതിലേക്ക് അവർ പിന്നെയും മടങ്ങുന്നു പാപവും അതിക്രമവും റസൂലിനോട് അനുസരണക്കേടും കൊണ്ട് അവർ പരസ്പരം ഗൂഢ സംഭാഷണം നടത്തുന്നു തങ്ങളുടെ അടുക്കൽ വന്നാൽ അള്ളാഹു തങ്ങളെ അഭിവാദ്യം ചെയ്തിട്ടില്ലാത്തത് കൊണ്ട് തങ്ങളെ അവർ അഭിവാദ്യം ചെയ്യുന്നു നാം ഈ പറയുന്നതിനു അള്ളാഹു നമ്മെ ശിക്ഷിക്കാത്തതെന്ത് കൊണ്ട് എന്ന് അവർ തമ്മതമ്മിൽ ചോദിക്കുകയാണ്! നരകം അവർക്ക് മതി.അതിൽ അവർ കടക്കും ആപര്യവസാന സ്ഥലം വളരെ ചീത്ത തന്നെ!**

മദീനയിൽ താമസിച്ചിരുന്ന ജൂതന്മാർക്കിടയിൽ കൂടി മുസ്ലിംകൾ കടന്ന് പോകുമ്പോൾ ആ യഹൂദികൾ പരസ്പരം രഹസ്യമായി എന്തൊക്കെയോ സംസാരിക്കുകയും അവരുടെ കണ്ണുകൾ കൊണ്ട് മുസ് ലിംകൾക്ക് നേരെ ആംഗ്യം കാണിക്കുകയും ചെയ്യാറുണ്ടായിരുന്നു അറേബ്യയുടെ പല

ഭാഗത്തും വെച്ച് പല അറബി ഗോത്രങ്ങളുമായി സമരങ്ങൾ നടക്കുന്ന കാലമായതിനാൽ തങ്ങളുടെ സഹോദരങ്ങൾക്ക് വല്ല വിപത്തും സംഭവിച്ച വിവരങ്ങൾ അറിഞ്ഞിട്ടാകുമോ ഇവർ രഹസ്യമായി സംസാരിക്കുന്നതെന്ന് മുസ്ലിംകൾ സംശയിക്കുകയും അത് അവരെ ദു:ഖത്തിലാഴ്ത്തുകയും ചെയ്യും.ഇതിൽ കപടന്മാരും ജൂതർക്കൊപ്പം കൂടിയിരുന്നു .ഈ ദു:ഖ വിവരം നബി(സ)യെ വിശ്വാസികൾ അറിയിച്ചപ്പോൾ ജൂതരോട് മേലിൽ ഈ രഹസ്യ സംഭാഷണം നടത്തരുതെന്ന് വിലക്കി.എന്നിട്ടും ആ പ്രവൃത്തി അവർ തുടർന്നു .അപ്പോഴാണീ സൂക്തം അവതരിച്ചത് .അവർ സ്വന്തം പാപം ചെയ്യുന്നവ കൊണ്ടും മറ്റുള്ളവരോട് അക്രമം കാണിക്കാനാവശ്യമായകൊണ്ടും നബി(സ)യെ ധിക്കരിക്കുന്ന വിഷയങ്ങൾ കൊണ്ടുമാണവർ രഹസ്യ സംഭാഷണം നടത്തിയിരുന്നത് അതാവട്ടെ അവരോട് വിലക്കപ്പെട്ടതായിരുന്നു താനും!

ജൂതന്മാർ നബി(സ)യുടെ അടുക്കൽ വരുമ്പോൾ അവർ നബി(സ)ക്ക് സലാം പറയുന്നു എന്ന വ്യാജേന അഭിവാദ്യം ചെയ്തിരുന്നു അസ്സലാമു അലൈക്കും എന്ന ഇസ് ലാമിലെ അഭിവാദ്യ വാക്കാണ് പറയുന്നതെന്ന് തോന്നിപ്പിച്ചു കൊണ്ട് السام عليكم അസ്സാമു അലൈക്കും (നിങ്ങൾക്ക് മരണം ) എന്നായിരുന്നു അവർ പറഞ്ഞിരുന്നത് ഇങ്ങനെ നബിക്കെതിരെ പറഞ്ഞിട്ടും എന്ത് കൊണ്ടാണ് അള്ളാഹു നമ്മെ ശിക്ഷിക്കാത്തതെന്ന് അവർ ഊറ്റം കൊള്ളുകയും ചെയ്തിരുന്നു അവരുടെ കുതന്ത്രങ്ങൾ അള്ളാഹു അറിഞ്ഞിട്ടുണ്ടെന്നും അതിനു നരകം എന്ന വളരെ മോശമായ സങ്കേതം തന്നെ അവരെ കാത്തിരിക്കുന്നുണ്ടെന്നുമാണ് അള്ളാഹു പറയുന്നത് ഇനി എന്ത് ശിക്ഷയാണ് അവർക്ക് വേണ്ടത്?

നബി(സ)യുടെ അടുത്ത് വന്ന് ജൂതന്മാർ അസ്സാമു അലൈക്കുമെന്ന് പറഞ്ഞ ഒരു സമയം ആഇശ:(റ) വ അലൈക്കുമുസ്സാം എന്ന് പറഞ്ഞ് പൊട്ടിത്തെറിച്ചു നബി(സ) ആഇശ ബീവിയെ സാന്ത്വനിപ്പിച്ചു കൊണ്ട് പറഞ്ഞു. മോശമായ പ്രയോഗമൊന്നും അള്ളാഹു ഇഷ്ടപ്പെടില്ല .അപ്പോൾ ആഇശ ബീവി(റ)ചോദിച്ചു അവർ പറഞ്ഞത് അങ്ങ് കേട്ടില്ലെ?നബി(സ) പറഞ്ഞു.ഞാൻ പറഞ്ഞ മറുപടി നീ കേട്ടില്ലേ ?

**വ അലൈക്കും** എന്നാണല്ലോ ഞാൻ പറഞ്ഞത് !അതായത് നിങ്ങൾക്ക് മരണമെന്ന് അവർ ഇങ്ങോട്ട് പറയുമ്പോൾ ഇങ്ങോട്ട് പറഞ്ഞത് തന്നെ നിങ്ങൾക്കും ഉണ്ടാവട്ടെ എന്നാണതിന്റെ അർത്ഥം .അത്തരക്കാർ സലാം പറയുമ്പോൾ വ അലൈക്കും എന്ന് മറുപടി പറയാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് നമുക്കെതിരെയുള്ള അവരുടെ പ്രാർഥന സ്വീകരിക്കപ്പെടില്ലെന്നും അവിടുന്ന് പറഞ്ഞു(ഇബ്നു കസീർ)

9)

**يَا أَيُّهَا الَّذِينَ آمَنُوا إِذَا تَنَاجَيْتُمْ فَلَا تَتَنَاجَوْا بِالْإِثْمِ وَالْعُدْوَانِ وَمَعْصِيَتِ الرَّسُولِ وَتَنَاجَوْا بِالْبِرِّ وَالتَّقْوَى وَاتَّقُوا اللَّهَ الَّذِي إِلَيْهِ تُحْشَرُونَ**

**സത്യ വിശ്വാസികളേ നിങ്ങൾ പരസ്പരം രഹസ്യ സംഭാഷണം നടത്തുന്നതായാൽ കുറ്റകരവും അതിക്രമവും റസൂലിനോട് അനുസരണക്കേടും കൊണ്ട് നിങ്ങൾ രഹസ്യ സംഭാഷണം നടത്തരുത്.നന്മകൊണ്ടും ഭയഭക്തികൊണ്ടും നിങ്ങൾ രഹസ്യ സംഭാഷണം നടത്തുക.നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക.അവങ്കലേക്കാണ് നിങ്ങളെ ഒരുമിച്ച് കൂട്ടപ്പെടുന്നത്**

രഹസ്യ സംഭാഷണം പാടേ വിരോധമാണെന്നില്ല.നല്ല കാര്യത്തിനും ദൈവ ഭക്തിക്കനുഗുണമാവും വിധം ആവശ്യമെങ്കിൽ രഹസ്യ സംഭാഷണമാവാം അപ്പോഴും അല്ലാഹു നിരീക്ഷിക്കുന്നു എന്ന ബോധം നിങ്ങളെ നയിക്കണം ജൂതരും കപടന്മാരും നടത്തിയ പോലെ തെറ്റിനും ധിക്കാരത്തിനും രഹസ്യ സംഭാഷണമരുത് .ഒരു രഹസ്യ സംഭാഷണവും മറ്റൊരുത്തനെ വേദനിപ്പിക്കുന്നതാവരുത് .മൂന്നാളുണ്ടെങ്കിൽ രണ്ടാളുകൾ(മൂന്നാമനെ മാറ്റി നിർത്തി-അവന്റെ അനുവാദമില്ലാതെ) രഹസ്യം പറയരുത് അത് അവനെ വേദനിപ്പിക്കും എന്ന നബി വചനം ഇവിടെ പ്രസക്തമാണ്

10)

**إِنَّمَا النَّجْوَى مِنَ الشَّيْطَانِ لِيَحْزُنَ الَّذِينَ آمَنُوا وَلَيْسَ بِضَارِّهِمْ شَيْئًا إِلَّا بِإِذْنِ اللَّهِ وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ**

**നിശ്ചയമായും ആ രഹസ്യ സംഭാഷണം പിശാചിൽ നിന്നുള്ളത് തന്നെയാണ് സത്യവിശ്വാസികളെ ദു:ഖിപ്പിക്കുവാൻ വേണ്ടിയാണത് അല്ലാഹുവിന്റെ വേണ്ടുക കൂടാതെ അത് അവർക്ക് ഒട്ടും ഉപദ്രവം ചെയ്യുന്നതല്ല സത്യ വിശ്വാസികൾ അല്ലാഹുവിങ്കലേക്ക് ഭരമേൽപ്പിച്ചു കൊള്ളട്ടെ**

ഇവരുടെ ഈ രഹസ്യ സംഭാഷണം പിശാചിന്റെ ദുർ ബോധനം നിമിത്തമാണെന്നും എന്നാൽ ആ സംഭാഷണം മുഖേന അല്ലാഹുവിന്റെ അനുവാദമില്ലാതെ ഒരു ഉപദ്രവവും നിങ്ങൾക്കെതിരെ കൊണ്ടു വരാൻ അവർക്കാവില്ലെന്നും അതിനാൽ അവരുടെ ദുഷ്പ്രവർത്തനത്തെ അവഗണിച്ച് നിങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുക എന്നാണിവിടെ പറയുന്നത്

**(11)**

**يَا أَيُّهَا الَّذِينَ آمَنُوا إِذَا قِيلَ لَكُمْ تَفَسَّحُوا فِي الْمَجَالِسِ فَافْسَحُوا يَفْسَحِ اللَّهُ لَكُمْ وَإِذَا قِيلَ انشُزُوا فَانشُزُوا يَرْفَعِ اللَّهُ الَّذِينَ آمَنُوا مِنكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ**

**സത്യ വിശ്വാസികളേ! സദസ്സുകളിൽ വിശാലത ചെയ്യുക എന്ന് നിങ്ങളോട്**

പറയപ്പെട്ടാൽ വിശാലത നൽകുക എന്നാൽ അള്ളാഹു നിങ്ങൾക്ക് വിശാലത ചെയ്തു തരുന്നതാണ് നിങ്ങളോട് എഴുന്നേൽക്കുക എന്ന് പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേൽക്കുക എന്നാൽ നിങ്ങളിൽ നിന്നുള്ള സത്യവിശ്വാസികളെയും അറിവ് നൽകപ്പെട്ടവരെയും അള്ളാഹു പല പടികൾ ഉയർത്തുന്നതാണ് നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അള്ളാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു

അഭിവാദ്യം ചെയ്യുന്നു എന്ന വ്യാജേന നബി(സ)യെ ജൂതന്മാർ അസ്സാമു അലൈക്കും എന്ന് പറഞ്ഞ് ചീത്ത വിളിച്ചതിനെ അള്ളാഹു നേരത്തേ തുറന്ന് കാണിക്കുകയും അവരെ അതിന്റെ പേരിൽ ആക്ഷേപിക്കുകയും ചെയ്തിരുന്നുവല്ലോ! അതിനെ തുടർന്ന് സദസ്സുകളിൽ കാണിക്കേണ്ട മര്യാദകളെയാണിവിടെ പരാമർശിക്കുന്നത്

സദസ്സിലേക്ക് ആദ്യമാദ്യം വരുന്നവർ മുന്നിൽ സീറ്റ് പിടിക്കുന്നത് സ്വാഭാവികമാണല്ലൊ! എന്നാലും പിന്നീട് വരുന്നവർക്ക് കൂടി സൌകര്യം ചെയ്ത് കൊടുക്കാൻ നേരത്തെ എത്തിയവർ സഹകരിക്കണം പിന്നീട് വരുന്നവരോട് അവർക്ക് കൂടി നബി(സ)യുടെ വാക്കുകൾ കേൾക്കാനും നബി(സ)യെ കാണാനും സൌകര്യം ഉണ്ടാക്കും വിധം അവരൊട് കരുണ കാണിക്കണം എന്നാണിവിടെ പറയുന്നത് കാരണം നബി(സ)യുടെ സദസ്സിൽ മുന്നിൽ മുന്നിൽ ഇരിക്കാൻ സഹാബികൾ നന്നായി പരിശ്രമിക്കാറുണ്ടായിരുന്നു അതിനാൽ മറ്റുള്ളവർക്ക് കൂടി പരമാവധി സൌകര്യം ചെയ്യണം എന്നാണിതിന്റെ താല്പര്യം.

ഈ സൂക്തത്തിന്റെ അവതരണ പാശ്ചാത്തലത്തെ സംബന്ധിച്ച് വിവിധ അഭിപ്രായമുണ്ട്.ഇമാം ഖുർതുബി(റ)എഴുതുന്നു

ഇവിടെ പറഞ്ഞ സദസ്സുകൾ യുദ്ധത്തിനുള്ള അണികളാണ്.അണിയിൽ ആദ്യമാദ്യം നിൽക്കാനും രക്ത സാക്ഷിത്വം ലഭിക്കാനും തിക്കും തിരക്കുമുണ്ടാക്കുമായിരുന്ന സഹാബികളോടാണീ നിർദ്ദേശമുണ്ടായത് എന്നാണ് ഹസൻ(റ) തുടങ്ങിയവർ അഭിപ്രായപ്പെടുന്നത്. മുഖാതിൽ(റ) പറയുന്നതിങ്ങനെയാണ്. ഒരു വെള്ളിയാഴ്ച ദിവസം .നബി(സ)യുടെ സദസ്സ് ശരിക്കും കുടുസ്സാ(തിങ്ങി നിറഞ്ഞ )യിരിക്കുന്നു ബദ് റിൽ പങ്കെടുത്ത സഹാബികളെ നബി(സ) പ്രത്യേകം ആദരിക്കാറുണ്ടായിരുന്നു തിങ്ങി നിറഞ്ഞ സദസ്സിലേക്ക് ബദ്രീങ്ങളിൽ പെട്ട സാബിത് ബിൻ ഖൈസ്(റ)അടക്കമുള്ള ചിലർ കടന്നു വന്നു അവർക്ക് സദസ്സിൽ ഇടം കിട്ടാതെ അവർ നിൽക്കുന്നത് കണ്ട നബി(സ) ക്ക് വിഷമമാവുകയും ബദ്രീങ്ങളല്ലാത്ത ചില സഹാബികളോട് എഴുന്നേറ്റ് ഇവർക്ക് സ്ഥലം നൽകാൻ നബി(സ) നിർദ്ദേശിക്കുകയും ചെയ്തു .സ്വാഭാവികമായും എഴുന്നേറ്റവർക്ക് വിഷമമായി.

കപടവിശ്വാസികൾ ഈ സന്ദർഭം മുതലെടുത്ത് നബി(സ)പക്ഷപാതിത്വം കാണിച്ചുവെന്നും വൈകി വന്നവർക്ക് വേണ്ടി നേരത്തേ സ്ഥലം പിടിച്ചവരെ എഴുന്നേൽപ്പിക്കുക വഴി ഇവർ അനീതി ചെയ്യുന്നു എന്നും മറ്റും ആക്ഷേപിച്ചു,ആ സമയത്താണ് ഈ സൂക്തം അവതരിച്ചത് .അവതരണ പാശ്ചാത്തലം പ്രത്യേകമായ ഒരു സംഭവമാണെങ്കിലും എല്ലാ സദസ്സുകളിലും ആവശ്യമായ സഹകരണം ചെയ്തു കൊടുക്കേണ്ടതുണ്ടെന്നും അതിനു നിർദ്ദേശിക്കപ്പെടുമ്പോൾ അത് അനുസരിക്കണമെന്നും ഇതിൽ സൂചനയുണ്ട്

നിങ്ങൾ സദസ്സിൽ വിശാലത ചെയ്താൽ അല്ലാഹു നിങ്ങൾക്ക് വിശാലത ചെയ്യും എന്ന് പറഞ്ഞതിന്റെ അർത്ഥം നിങ്ങൾക്ക് ഖബ്റിൽ വിശാലത ചെയ്യുമെന്നും നിങ്ങളുടെ ഹൃദയത്തിൽ വിശാലത നൽകുമെന്നും ഭക്ഷണത്തിൽ വിശാലത നൽകുമെന്നും ഇവിടെയും പരലോകത്തും വിശാലത ചെയ്യുമെന്നും അർത്ഥമാകാം(ഖുർത്വുബി/റാസി)

ഇമാം റാസി(റ) എഴുതുന്നു അല്ലാഹുവിന്റെ അടിമകൾക്ക് നന്മയുടെയും സന്തോഷത്തിന്റെയും കവാടം ആരു തുറന്നാലും ദുനിയാവിന്റെയും ആഖിറത്തിന്റെയും അനുഗ്രഹങ്ങൾ അല്ലാഹു അവർക്ക് തുറന്ന് കൊടുക്കും എന്ന് ഈ സൂക്തത്തിൽ നിന്ന് മനസ്സിലാക്കാം എന്ന് അറിയുക ഇവിടെ പറഞ്ഞ വിശാലത ചെയ്യണം എന്ന കല്പന വെറും സദസ്സിലേക്ക് മാത്രം ബാധകമല്ല മറിച്ച് മറ്റുള്ളവരിലേക്ക് എല്ലാ നന്മകളും എത്തിക്കലും അവരുടെ മനസ്സിനു സന്തോഷമുണ്ടാക്കലും ഇതിൽ പെടും,ഒരാൾ തന്റെ സഹോദരനെ സഹായിക്കുമ്പോഴെല്ലാം അല്ലാഹു തന്നെ സഹായിച്ചു കൊണ്ടേയിരിക്കും എന്ന ഹദീസ് ഇതിലേക്ക് സൂചിപ്പിക്കുന്നു(റാസി)

ഇവിടെ എഴുന്നേൽക്കുക എന്നാൽ സദസ്സിൽ നിന്ന് എഴുന്നേൽക്കുക എന്നോ നല്ല കാര്യങ്ങളിലേക്ക് –അത് നിസ്ക്കാരം യുദ്ധം എന്നിങ്ങനെഎന്ത് തന്നെയായാലും- അതിലേക്ക് എഴുന്നേൽക്കുക എന്നും ആവാം.ചിലർ നിസ്ക്കരിക്കാൻ മടി കാണിച്ചപ്പോഴാണിത് അവതരിച്ചതെന്നും നബി(സ)യുടെ വീട്ടിൽ ഒത്ത് കൂടുന്നവർ എഴുന്നേൽക്കാൻ നിർദ്ദേശം കിട്ടിയാലും ഏറ്റവും അവസാനത്തെ ആളായി എഴുന്നേൽക്കാമെന്ന നിലക്ക് ചിലർ താമസിച്ചപ്പോഴാണിത് അവതരിച്ചത് എന്നും അഭിപ്രായമുണ്ടെങ്കിലും എല്ലാ നല്ലതിലേക്കും എഴുന്നേൽക്കാൻ കല്പന കിട്ടിയാൽ എഴുന്നേൽക്കണം എന്ന വ്യാപകമായ ആശയമുൾക്കൊള്ളുന്ന അഭിപ്രായമാണിവിടെ പ്രബലം.

സത്യവിശ്വാസികളെയും അറിവ് നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ് എന്നത് പരലോകത്ത് പ്രതിഫലം മുഖേനയും ഇവിടെ ബഹുമാനം മുഖേനയുമാണ് ഉയർത്തുക. അതായത്

സത്യവിശ്വാസികൾക്ക് അതില്ലാത്തവരേക്കാളും അറിവുള്ളവർക്ക് അതില്ലാത്തവരേക്കാളും മഹത്വം നൽകുമെന്ന് സാരം.

ഇബ്നു മസ് ഊദ്(റ) പറയുന്നത് അറിവുള്ളവരെ അല്ലാഹു പ്രശംസിക്കുകയാണ്.അറിവും വിശ്വാസവുമുള്ളവർക്ക് അറിവില്ലാത്ത വിശ്വാസികളേക്കാൾ സ്ഥാനമുണ്ട്.ധനികരായിരുന്ന ചിലർക്ക് ദരിദ്രരായ സഹാബികൾ അടുത്തിരിക്കുന്നത് ചെറിയ അസ്വസ്ഥതയുണ്ടാക്കിയിരുന്നു.അവരുടെ ധാരണ ശരിയല്ലെന്നും ധനമല്ല വിശ്വാസവും അറിവുമാണ് അല്ലാഹുവിന്റെ അടുത്ത് മഹത്വത്തിന്റെ മാനദണ്ഡമെന്നും ഉണർത്തിയിരിക്കുകയാണീ പ്രഖ്യാപനത്തിലൂടെ. ഉമർ(റ) ചെറിയ പ്രായക്കാരനായിരുന്ന ഇബ്നു അബ്ബാസ്(റ) നു തന്റെ ആലോചനാ സദസ്സിൽ വലിയ പരിഗണന നൽകിയിരുന്നു. മുതിർന്ന ചില സഹാബികൾക്ക് ഇതിൽ ചെറിയ നീരസം തോന്നി.അവർ ആ നീരസം ഉമർ(റ) നെ അറിയിച്ചു അപ്പോൾ അവരെയും ഇബ്നു അബ്ബാസി(റ)നെയും ഒരു സദസ്സിൽ വിളിച്ചു വരുത്തി ആദ്യം മുതിർന്നവരോട് സൂറത്തുന്നസ്റിന്റെ ( اذاجاء نصر الله والفتح )വ്യാഖ്യാനം ചോദിക്കുകയും അവർ മൌനം പാലിക്കുകയും ചെയ്തു അപ്പോൾ ഇബ്നു അബ്ബാസ്(റ)നോട് എന്താണതിന്റെ വ്യാഖ്യാനമെന്ന് ചോദിക്കുകയും നബി(സ)യുടെ ആയുസ്സ് തീരാറായെന്ന് നബി(സ)യെ അല്ലാഹു അറിയിച്ചതാണെന്ന് ഇബ്നു അബ്ബാസ്(റ)പറയുകയും അത് തന്നെയാണ് താനും മനസിലാക്കിയിട്ടുള്ളതെന്ന് ഉമർ(റ)പറയുകയും ചെയ്തു.(ബുഖാരി) അറിവുള്ളവർ പ്രായം കുറഞ്ഞവരാണെങ്കിലും ആദരിക്കപ്പെടേണ്ടവരാണെന്ന് ഇത് തെളിയിക്കുന്നു.

അല്ലാഹു സുലൈമാൻ നബി(അ)ന് അറിവ്/ധനം/അധികാരം ഇതിൽ ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാൻ അവസരം കൊടുത്തപ്പോൾ താൻ അറിവ് തിരഞ്ഞെടുത്തു അപ്പോൾ ധനവും അധികാരവും അല്ലാഹു നൽകി(ഖുർത്വുബി)

അറിവിന്റെ മഹത്വവും പണ്ഡിതന്റെ ശ്രേഷ്ഠതയും വ്യക്തമാക്കുന്ന ധാരാളം സൂക്തങ്ങൾ ഖുർ ആനും നബി വചനങ്ങളും അറിയിക്കുന്നുണ്ട്

സത്യവിശ്വാസവും അറിവുമുള്ളവർ മറ്റുള്ളവർക്ക് വിട്ട് വീഴ്ച ചെയ്യുന്നത് അവർക്ക് താഴ്ചയല്ല അല്ലാഹുവിങ്കൽ ഉയർച്ചയാണുണ്ടാക്കുക എന്ന് ഈ വാക്യം അറിയിക്കുന്നു .അറിവുള്ളവർ മറ്റുള്ളവരോട് മഹത്വം ചോദിച്ചു വാങ്ങേണ്ടതല്ലെങ്കിലും മറ്റുള്ളവർ അവരുടെ സ്ഥാനം പരിഗണിക്കുകയും അവർക്ക് മുൻ ഗണന നൽകേണ്ട സ്ഥാനത്ത് അത് നൽകുകയും വേണം എന്നും ഇതിൽ നിന്ന് ഗ്രഹിക്കാം

**(12)**

يَا أَيُّهَا الَّذِينَ آمَنُوا إِذَا نَاجَيْتُمُ الرَّسُولَ فَقَدِّمُوا بَيْنَ يَدَيْ نَجْوَاكُمْ صَدَقَةً ذَٰلِكَ خَيْرٌ لَّكُمْ وَأَطْهَرُ فَإِن لَّمْ تَجِدُوا فَإِنَّ اللَّهَ غَفُورٌ رَّحِيمٌ

സത്യ വിശ്വാസികളേ നിങ്ങൾ റസൂലു(സ)മായി രഹസ്യ സംഭാഷണം നടത്തുവാനുദ്ദേശിച്ചാൽ നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പിൽ എന്തെങ്കിലുമൊരു ധർമ്മം ചെയ്യുക അത് നിങ്ങൾക്ക് ഉത്തമവും കൂടുതൽ ശുദ്ധീകരണവുമാണ് ഇനി അത് നിങ്ങൾക്ക് കിട്ടിയില്ലെങ്കിൽ അള്ളാഹു ഏറ്റവും പൊറുക്കുന്നവനും പരമ കാരുണികനും തന്നെയാവുന്നു

നബി(സ)യുമായി രഹസ്യ സംഭാഷണത്തിനു (കാര്യം ചെറുതോ വലുതോ ആവട്ടെ)പലരും അവിടുത്തെ സന്നിധിയിൽ വന്നുകൊണ്ടിരുന്നു. അവിടുത്തെ വിലയേറിയ സമയം നഷ്ടപ്പെടുത്തുക എന്ന ദുഷ്ടലാക്കോടെ കപടന്മാരും അക്കൂട്ടത്തിലുണ്ടാകും ഇതിൽ ഒരു നിയന്ത്രണമുണ്ടാക്കുവാനായി നബി(സ)യുടെ അടുത്ത് സഹസ്യ സംഭാഷണത്തിനു വരുന്നവർ ധർമ്മ വിഷയത്തിലേക്ക് എന്തെങ്കിലും സമർപ്പിക്കണമെന്നാണ് ഇവിടെ നിർദ്ദേശിക്കുന്നത് ഇത്ര സംഘ്യ വേണമെന്നൊന്നും നിഷ്ക്കർശിക്കപ്പെട്ടിട്ടില്ല സത്യ വിശ്വാസികളും അല്ലാത്തവരും നിഷ്ക്കളങ്കരും അല്ലാത്തവരും തമ്മിൽ വേർതിരിക്കാനും അതേസമയം സാധുക്കൾക്ക് ഒരു പ്രയോചനമാവാനും സംഭാഷണത്തിനു ചെല്ലുന്നവരുടെ ഉദ്ദേശ്യശുദ്ധി വ്യക്തമാവാനും ഇത് ഉതകുമല്ലോ

ഈസൂക്തം ഇറങ്ങിയപ്പോൾ അലി(റ)നബി(സ)യോട് ചോദിച്ചു എത്രയാണ് ധർമ്മം നൽകേണ്ടത്?ഒരു ദീനാർ ആക്കുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം? അലി(റ)പറഞ്ഞു അത് ജനങ്ങൾക്ക് കഴിയില്ല.അര ദീനാറായാലോ? അതും സാധിക്കില്ല എന്ന് അലി(റ)പറഞ്ഞു പിന്നെ എത്ര സാധിക്കും എന്ന് നബി(സ) ചോദിച്ചു അലി(റ)പറഞ്ഞു ഒരു ഗോതമ്പ് മണിയുടെ തൂക്കത്തിനുള്ള സ്വർണ്ണമാവാം.അപ്പോൾ നബി(സ) പറഞ്ഞു.നിങ്ങൾ ഭൌതികതയോട് മനസ്സ് അകറ്റിയവൻ തന്നെ എന്ന്.അപ്പോൾ താഴെയുള്ള സൂക്തം അള്ളാഹു അവതരിപ്പിച്ചു കൊണ്ട് ഈ നിയമം ദുർബലപ്പെടുത്തി.അപ്പോൾ അലി(റ)പറഞ്ഞു എന്നെക്കൊണ്ട് അള്ളാഹു ഈ സമുദായത്തിനു നിയമത്തിൽ ഇളവ് നൽകി .ഇവിടെ രഹസ്യ സംഭാഷണത്തിനു ആരും ധർമ്മം കൊടുക്കുന്നതിനു മുമ്പ് തന്നെ ഈ നിയമം ദുർബലപ്പെടുത്തി എന്നും അല്പ കാലം സഹാബികൾ ഈ നിയമമനുസരിച്ച് പ്രവർത്തിച്ചതിനു ശേഷമാണ് ദുർബലപ്പെടുത്തിയത് എന്നും അഭിപ്രായമുണ്ടെന്നും കൂടുതൽ വ്യക്തത രണ്ടാമത്തെ അഭിപ്രായത്തിനാണെന്നും ഇമാം ഖുർത്വുബി തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നുണ്ട്.കാരണം അലി(റ) ആണ് ആദ്യമായി ഈ നിർദ്ദേശമനുസരിച്ച് രഹസ്യ സംഭാഷണത്തിനു മോതിരം ധർമ്മം ചെയ്തത് എന്ന് മുജാഹിദ്(റ)വിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്

ഇമാം ഖുശൈരി(റ)വും മറ്റും അലി(റ)പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നത് എന്റെ മുമ്പും എന്റെ ശേഷവും ഒരാളും അതനുസരിച്ച് പ്രവർത്തിച്ചിട്ടില്ലാത്ത (ഞാൻ മാത്രം ചെയ്ത) ഒരു സൂക്തം ആണീ സൂക്തം എന്നാണ്.എന്തായാലും ഈ നിയമം ദുർബലപ്പെടുത്തിയ സൂക്തമാണ് താഴെ വരുന്നത്

ഇബ്നു ഉമർ(റ)പറഞ്ഞു. അലി(റ) നു മൂന്ന് ഭാഗ്യം ലഭിച്ചു അതിൽ നിന്ന് ഒന്ന് ലഭിക്കുന്നതായിരുന്നു ചുവന്ന ഒട്ടകത്തേക്കാൾ എനിക്ക് പ്രിയങ്കരം.(1) ഫാത്വിമ ബീവിയെ വിവാഹം ചെയ്ത് കൊടുത്തത്(2)ഖൈബറിൽ പതാക വാഹകനാക്കിയത്(3)ഈ സംഭാഷണത്തിനു മുമ്പ് ധർമ്മം ചെയ്യണമെന്ന കല്പന ദുർബലപ്പെടുത്താൻ കാരണക്കാരനായത് എന്നിവയാണാ മൂന്ന് കാര്യം (ഖുർത്വുബി)

**(13)**

**أَأَشْفَقْتُمْ أَن تُقَدِّمُوا بَيْنَ يَدَيْ نَجْوَاكُمْ صَدَقَاتٍ فَإِذْ لَمْ تَفْعَلُوا وَتَابَ اللَّهُ عَلَيْكُمْ فَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا اللَّهَ وَرَسُولَهُ وَاللَّهُ خَبِيرٌ بِمَا تَعْمَلُونَ**

നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പിൽ വല്ല ദാനധർമ്മങ്ങളും ചെയ്യുന്നതിൽ നിങ്ങൾ(ദാരിദ്ര്യം)ഭയപ്പെടുന്നുവോ?എന്നാൽ നിങ്ങൾ അത് ചെയ്യാതിരുന്നാൽ -അള്ളാഹു അതിനെപ്പറ്റി നിങ്ങൾക്ക് വിട്ടുവീഴ്ച ചെയ്തു തന്നിട്ടുണ്ട് –നിങ്ങൾ നിസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്ത് കൊടുക്കുകയും അള്ളാഹുവിനെയും റസൂലിനെയും അനുസരിക്കുകയും ചെയ്ത് കൊള്ളുക.നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അള്ളാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു

രഹസ്യ സംഭാഷണത്തിനു മുമ്പ് ധർമ്മം ചെയ്യണമെന്ന കല്പന ദുർബലപ്പെടുത്തുകയാണീ സൂക്തം .ഈ രണ്ട് സൂക്തങ്ങളുടെ ഇടയിലെ സമയം പത്ത് രാത്രിയായിരുന്നുവെന്നും ഒരു രാത്രിയായിരുന്നുവെന്നും പകലിന്റെ അല്പ സമയം മാത്രമായിരുന്നുവെന്നും അഭിപ്രായമുണ്ട്.മുൻ ആയത്തനുസരിച്ച് പ്രവർത്തിച്ചുവെന്നും ആരും പ്രവർത്തിക്കുന്നതിനു മുമ്പ് തന്നെ ദുർബലമായെന്നുമുള്ള വിശദീകരണം നേരത്തേ പറഞ്ഞത് ഓർക്കുക.ധർമ്മം ചെയ്യേണ്ടത് നിയമമല്ലെന്ന് പറഞ്ഞയുടൻ പ്രധാനപ്പെട്ട മറ്റു ചില നിർദ്ദേശങ്ങളാണ് നിസ്ക്കാരം നില നിർത്തുക(സമയ നിഷ്ഠ പാലിക്കുക നിസ്ക്കാരത്തിന്റെ മര്യാദകൾ മുഴുവനും പാലിക്കുക എന്നതൊക്കെ നിസ്ക്കാരം നിലനിർത്തുക എന്നതിന്റെ വിവക്ഷയാണ്) സക്കാത്ത് കൊടുക്കുക അള്ളാഹുവിന്റെയും റസൂലിന്റെയും നിർദ്ദേശങ്ങൾ പാലിക്കുക എന്നിവയൊക്കെ കണിശമായി നിങ്ങൾ പാലിക്കണം കാരണം അള്ളാഹു നിങ്ങൾ പ്രവർത്തിക്കുന്നത് സൂക്ഷ്മമായി അറിയും ആ ചിന്ത നിങ്ങൾക്ക് എപ്പോഴും വേണ്ടതാണ് എന്ന് സാരം

**(14)**

أَلَمْ تَرَ إِلَى الَّذِينَ تَوَلَّوْا قَوْمًا غَضِبَ اللَّهُ عَلَيْهِم مَّا هُم مِّنكُمْ وَلَا مِنْهُمْ وَيَحْلِفُونَ عَلَى الْكَذِبِ وَهُمْ يَعْلَمُونَ

അള്ളാഹുവിന്റെ കോപത്തിനു പാത്രീഭവിച്ച ഒരു ജനതയുമായി മൈത്രീബന്ധം സ്ഥാപിച്ചവരെ തങ്ങൾ കണ്ടില്ലേ?അവർ നിങ്ങളിൽ പെട്ടവരും ആ ജനതയിൽ പെട്ടവരുമല്ല അറിയുന്നവരായും കൊണ്ട് തന്നെ അവർ വ്യാജത്തിന്റെ പെരിൽ സത്യം ചെയ്യുന്നു

കപട വിശ്വാസികളുടെ അവസ്ഥയാണിവിടെ വിശദീകരിക്കുന്നത് അവർ അള്ളാഹുവിന്റെ ശാപ കോപത്തിനർഹരായ ജൂതന്മാരുമായി വലിയ കൂട്ടുകെട്ടിലും സ്നേഹത്തിലുമായിരുന്നു ഇസ് ലാമിനോടും മുസ് ലിംകളോടുമുള്ള അടങ്ങാത്ത പകയും വിരോധവുമല്ലാതെ അവരെ തമ്മിൽ അടുപ്പിക്കുന്ന മറ്റൊരു ഘടകവും ഉണ്ടായിരുന്നില്ല അവർ യഥാർത്ഥത്തിൽ യഹൂദികളല്ല മുസ് ലിംകളുമല്ല പ്രത്യുത രണ്ട് കൂട്ടർക്കുമിടയിൽ അവരുടെ അടുത്ത് അവരുടെ കൂടെയും ഇവരുടെ അടുത്ത് എത്തുമ്പോൾ ഇവരുടെ കൂടെയും ആണെന്ന് അഭിനയിക്കുകയും മുസ് ലിംകളുടെ രഹസ്യങ്ങൾ യഹൂദികൾക്ക് ചോർത്തിക്കൊടുക്കുകയും ചെയ്തിരുന്നു സത്യവിശ്വാസികളാണെന്ന് അവർ കള്ള സത്യം ചെയ്യുമായിരുന്നു .ഞങ്ങൾ വിശ്വസിച്ചിട്ടില്ലെന്ന് അവർക്ക് നന്നായി അറിയാമായിരുന്നു

**(15)**

أَعَدَّ اللَّهُ لَهُمْ عَذَابًا شَدِيدًا إِنَّهُمْ سَاء مَا كَانُوا يَعْمَلُونَ

അള്ളാഹു അവർക്ക് കഠിന ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് അവർ പ്രവർത്തിച്ചു കൊണ്ടിരുന്നത് എത്രയോ ചീത്ത തന്നെ

ഈ ക ബളിപ്പിക്കലിനു പകരമായി പരലോകത്ത് വലിയ ശിക്ഷ തന്നെ അവർക്ക് തയാറായിക്കഴിഞ്ഞിട്ടുണ്ട്.അവരുടെ ഈ കാപട്യം വളരെ മോശം തന്നെ

**(16)**

اتَّخَذُوا أَيْمَانَهُمْ جُنَّةً فَصَدُّوا عَن سَبِيلِ اللَّهِ فَلَهُمْ عَذَابٌ مُّهِينٌ

അവർ തങ്ങളുടെ സത്യങ്ങളെ ഒരു മറയാക്കി വെച്ചിരിക്കുകയാണ് അങ്ങനെ അവർ അള്ളാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടഞ്ഞിരിക്കുന്നു തന്നിമിത്തം അവർക്ക് അപമാനകരമായ ശിക്ഷയുണ്ട്

ഈ കള്ള സത്യം വിശ്വാസികളെ വഞ്ചിക്കാൻ അവർ ഒരു മറയാക്കിയിരിക്കുന്നു.അവരുടെ സത്യം കേൾക്കുമ്പോൾ നിഷ്ക്കളങ്കരായ മുസ് ലിംകൾ ഇവർ ശരിയായ വിശ്വാസികൾ തന്നെ എന്ന്

ധരിക്കുമായിരുന്നു ഈ കുതന്ത്രത്തിനും കപളിപ്പിക്കലിനും പരലോകത്ത് അവർ വലിയ വില കൊടുക്കേണ്ടി വരും എന്നാണിവിടെ ഉണർത്തുന്നത്

ഇബ്നു അബ്ബാസ്(റ)ൽ നിന്ന് ഇക് രിമ;റ)ഉദ്ധരിക്കുന്നു. നബി(സ)ഒരിക്കൽ ഒരു മരത്തണലിൽ ഇരിക്കുകയായിരുന്നു അപ്പോൾ നബി(സ) കൂടെയുള്ളവരോട് പറഞ്ഞു ഇപ്പോൾ നിങ്ങളുടേ അടുത്തേക്ക് നീലക്കണ്ണുള്ള ഒരാൾ വരും പിശാചിന്റെ നോട്ടമായിരിക്കും അയാൾക്ക് .വൈകാതെ നബി(സ)പറഞ്ഞ പോലുള്ള ഒരാൾ അവിടെ വന്നു അപ്പോൾ നബി(സ) അവനോട് ചോദിച്ചു എന്തിനാണ് നീയും നിന്റെ ആളുകളും എന്നെ ചീത്ത പറയുന്നത്? ഉടന അവൻ പറഞ്ഞു ഞാൻ അവരെ കൂട്ടി വരാം. അങ്ങനെ അവനും കൂട്ടാളികളും ഒന്നിച്ച് വന്ന് ഞങ്ങൾ തങ്ങളെ ചീത്ത പറഞ്ഞിട്ടേയില്ലെന്ന് കള്ള സത്യം ചെയ്തു. അപ്പോഴാണീ സൂക്തം, അവതരിച്ചത്.കള്ള സത്യം തങ്ങളുടെ എല്ലാ തെറ്റുകൾക്കും മറയാക്കിയവരാണിവർ എന്ന് സാരം

**(17)**

**لَن تُغْنِيَ عَنْهُمْ أَمْوَالُهُمْ وَلَا أَوْلَادُهُم مِّنَ اللَّهِ شَيْئًا أُوْلَئِكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ**

അവരുടെ സ്വത്തുക്കളാവട്ടെ സന്താനങ്ങളാവട്ടെ അവരിൽ നിന്ന് അല്ലാഹുവിന്റെ ശിക്ഷ തടയുവാൻ ഒട്ടും പ്രയോചനപ്പെടുന്നതല്ല അവർ നരകക്കാരാണ് അവരതിൽ നിത്യവാസികളായിരിക്കും

മുഖാതിൽ എന്നവർ പറയുന്നു. ‘കപടന്മാർ നബി(സ)യെ ആക്ഷേപിച്ചു കൊണ്ട് മുഹമ്മദ് നബിക്ക് അന്ത്യ നാളിൽ വലിയ സഹായം ലഭിക്കുമെന്നാണ് താൻ പറയുന്നത് എന്നാൽ അങ്ങനെ ഒരു ദിനമുണ്ടെങ്കിൽ ഞങ്ങൾക്ക് സന്താന/സമ്പത്തിന്റെ ബലത്തിൽ അന്നും സഹായം ലഭിക്കുമെന്ന് അവർ പറഞ്ഞു അതിന്റെ മറുപടിയാണ് അവർക്കന്ന് സന്താനങ്ങളോ സമ്പത്തോ ശിക്ഷ തടയാൻ പര്യാപ്തമാവില്ലെന്ന് പറഞ്ഞത്

**(18)**

**يَوْمَ يَبْعَثُهُمُ اللَّهُ جَمِيعًا فَيَحْلِفُونَ لَهُ كَمَا يَحْلِفُونَ لَكُمْ وَيَحْسَبُونَ أَنَّهُمْ عَلَى شَيْءٍ أَلَا إِنَّهُمْ هُمُ الْكَاذِبُونَ**

അവരെ എല്ലാവരെയും അല്ലാഹു പുനർജ്ജീവിപ്പിക്കുന്ന ദിവസം അപ്പോൾ നിങ്ങളോട് സത്യം ചെയ്തിരുന്നത് പോലെ അല്ലാഹുവിനോടും അവർ സത്യം ചെയ്യുന്നതാണ് തങ്ങൾ(ഫലപ്രദമായ)ഒരു കാര്യത്തിലാണെന്ന് അവർ വിചാരിക്കുകയും ചെയ്യും അറിയുക!നിശ്ചയമായും അവർ തന്നെയാണ് കളവ് പറയുന്നവർ

ഈ ലോകത്ത് കള്ള സത്യം ചെയ്ത് കാര്യം നേടിയിരുന്നത് പോലെ അല്ലാഹുവിന്റെ സന്നിധിയിൽ വെച്ചും അവർ കള്ള സത്യം ചെയ്തു നോക്കും അത് പ്രയോചനപ്പെടുമെന്നവർ ധരിക്കുകയും ചെയ്യും പക്ഷെ

അത് മുഖേന അവർക്ക് രക്ഷപ്പെടാനാവില്ല കാരണം സത്യം മാത്രം പുലരുന്ന ദിനമാണത് .പ്രവാചക കല്പനകൾ ധിക്കരിക്കുന്ന ഈ നിഷേധാത്മക നിലപാടാണ് ശരിയായ നിലപാട് എന്നവർ വിചാരിക്കുന്നു പക്ഷെ അവർ കള്ളം പറയുന്നവർ തന്നെ എന്നാണ് അള്ളാഹു ഉണർത്തുന്നത്

**(19)**

اسْتَحْوَذَ عَلَيْهِمُ الشَّيْطَانُ فَأَنسَاهُمْ ذِكْرَ اللَّهِ أُوْلَئِكَ حِزْبُ الشَّيْطَانِ أَلا إِنَّ حِزْبَ الشَّيْطَانِ هُمُ الْخَاسِرُونَ

പിശാച് അവരെ കീഴടക്കി വെച്ചിരിക്കുകയാണ് അങ്ങനെ അള്ളാഹുവിനെക്കുറിച്ചുള്ള സ്മരണ അവർക്കവൻ വിസ്മരിപ്പിച്ചു അവർ പിശാചിന്റെ പാർട്ടിയാണ് അറിയുക!പിശാചിന്റെ പാർട്ടി തന്നെയാണ് സഷ്ടക്കാർ

പിശാചിന്റെ അജണ്ടയാണിവർ നടപ്പാക്കുന്നത് അള്ളാഹുവിന്റെ വിധികൾ നിരാകരിക്കുക വഴി അവർ അള്ളാഹുവിനെ വിസ്മരിച്ചു.അത് പിശാചിന്റെ താല്പര്യമാണ് .പിശാചിനെ അനുസരിക്കുന്നവർ നഷ്ടം ഏറ്റുവാങ്ങേണ്ടതായി വരും എന്നാണിവിടെ സൂചിപ്പിക്കുന്നത്

**(20)**

إِنَّ الَّذِينَ يُحَادُّونَ اللَّهَ وَرَسُولَهُ أُوْلَئِكَ فِي الأَذَلِّينَ

അല്ലാഹുവോടും അവന്റെ ദൂതനോടും മത്സരം നടത്തുന്നവർ ഏറ്റവും നിന്ദ്യന്മാരുടെ കൂട്ടത്തിലായിരിക്കും തീർച്ച

പിശാചിനെ പ്രീതിപ്പെടുത്തിയും അള്ളാഹുവിനെയും റസൂലിനെയും ധിക്കരിക്കുകയും ചെയ്യുന്നവർ പരലോകത്ത് നിന്ദ്യരാവും എന്നാണിവിടെ പറയുന്നത്

**(21)**

كَتَبَ اللَّهُ لَأَغْلِبَنَّ أَنَا وَرُسُلِي إِنَّ اللَّهَ قَوِيٌّ عَزِيٌز

നിശ്ചയമായും ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അള്ളാഹു രേഖപ്പെടുത്തി വെച്ചിട്ടുണ്ട് നിശ്ചയം അള്ളാഹു ശക്തനും പ്രതാപവാനുമാകുന്നു

ഇവർ എന്ത് കള്ള സത്യം ചെയ്താലും അള്ളാഹുവിനും ദൂതർക്കുമെതിരിൽ ആർ സംഘം ചേർന്നാലും അവർ പരാചയപ്പെടുകയും അവർക്കെതിരെ അള്ളാഹുവും അവന്റെ ദൂതരും വിജയിക്കുക തന്നെ ചെയ്യും എന്ന് അള്ളാഹു നെരത്തേ തന്നെ തീരുമാനിച്ചിട്ടുണ്ടെന്നും അതിൽ മാറ്റം വരില്ലെന്നും അള്ളാഹു തന്റെ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിവുള്ളവനാണെന്നും ഉണർത്തിയിരിക്കുകയാണ്

മക്കയും ത്വാഇഫും പരിസരങ്ങളും ഇസ് ലാമിക നിയന്ത്രണത്തിൽ വന്നപ്പോൾ പേർഷ്യൻ.റോമൻ സാമ്രാജ്യങ്ങളും ഇസ് ലാമിന്റെ കീഴിൽ വരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു എന്ന് സഹാബികൾ പറഞ്ഞപ്പോൾ കപടനായ അബ്ദുള്ളാഹിബിൻ ഉബയ്യിനിബ്നി സലൂൽ പറഞ്ഞു.നിങ്ങൾ കീഴ് പെടുത്തിയ ഈ നാടുകൾ പോലെയല്ല പേർഷ്യയും റോമും.അവർ ശക്തമായ സംവിധാനങ്ങളുള്ളവരാണ്.അവരെ കീഴടക്കാം എന്ന ധാരണ പോലും ആപത്താണ് എന്ന്,അപ്പോഴാണീ സൂക്തം അവതരിച്ചത് (ഖുർത്വുബി)അള്ളാഹുവിനെയും അവന്റെ ദൂതരേയും പരാചയപ്പെടുത്താൻ ആർക്കുമാവില്ലെന്നാണിവിടെ ഉണർത്തുന്നത്

(22)

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءهُمْ أَوْ أَبْنَاءهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ أُوْلَئِكَ كَتَبَ فِي قُلُوبِهِمُ الْإِيمَانَ وَأَيَّدَهُم بِرُوحٍ مِّنْهُ وَيُدْخِلُهُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ أُوْلَئِكَ حِزْبُ اللَّهِ أَلَا إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحُونَ

അള്ളാഹുവിലും അന്ത്യ നാളിലും വിശ്വസിക്കുന്ന ഒരു ജനത അള്ളാഹുവിനോടും അവന്റെ റസൂലിനോടും മത്സരിക്കുന്നവരുമായി സ്നേഹ ബന്ധം പുലർത്തുന്നതായി തങ്ങൾ കാണുകയില്ല അവർ ആ ജനതയുടെ പിതാക്കളോ പുത്രന്മാരോ സഹോദരങ്ങളോ കുടുംബക്കാരോ ആയിരുന്നാലും ശരി അവരുടെ ഹ്ര്ദയങ്ങളിൽ അവൻ സത്യ വിശ്വാസം രേഖപ്പെടുത്തുകയും തന്റെ പക്കൽ നിന്നുള്ള ഒരു ആത്മാവ് കൊണ്ട് അവൻ അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു താഴ്ഭാഗങ്ങളിൽ കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ അവൻ അവരെ പ്രവേശിപ്പിക്കും .അവർ അതിൽ നിരന്തരവാസികളായ നിലയിൽ.അള്ളാഹു അവരെ സംബന്ധിച്ചും അവർ അവനെ സംബന്ധിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു അള്ളാഹുവിന്റെ പാർട്ടിയാണവർ.അറിയുക നിശ്ചയം അള്ളാഹുവിന്റെ പാർട്ടി തന്നെയാണ് വിജയികൾ

അള്ളാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അതേ സമയം അള്ളാഹുവോടും റസൂലിനോടും മത്സരിച്ചും എതിർത്തും നിൽക്കുന്നവരോട് മൈത്രീ ബന്ധം പുലർത്തുകയും ചെയ്യുക എന്നത് ഒരിക്കലും ഒത്ത് പോകില്ല അത് അവരുടെ പിതാക്കൾ/പുത്രന്മാർ എന്നിങ്ങനെ എത്ര അടുത്ത ബന്ധുക്കളായാലും ശരി .ഇങ്ങനെ സത്യ വിശ്വാസത്തിനു മുൻ ഗണന കൊടുക്കുന്നവർക്ക് സത്യവിശ്വാസത്തിന്റെ ആത്മീയ ചൈതന്യവും നാഥനിൽ നിന്നുള്ള പ്രത്യേക ശക്തിയും ലഭിക്കും ശാശ്വതമായ സ്വർഗീയ സുഖങ്ങളും അവർക്കുണ്ടാവും അതിലും പ്രധാനം അള്ളാഹു അവരെ ത്ര്പ്തിപ്പെടുക എന്നതാണ് ഇവർ അള്ളാഹുവിന്റെ

പാർട്ടിയുമാണ് എന്നിങ്ങനെയുള്ള മഹത്വങ്ങളാണ് ഇവരെക്കുറിച്ച് അള്ളാഹു പറയുന്നത്

കറ കളഞ്ഞ സത്യ വിശ്വാസിയുടെ ജീവിതം തികച്ചും അത്ഭുതകരമാവും .ഈ സൂക്തത്തിന്റെ അവതരണകാരണമായി ധാരാളം സംഭവങ്ങൾ ഉദ്ധരിക്കപ്പെടുന്നുണ്ട് .നേരത്തേ നാം പറഞ്ഞ കപട നേതാവ് അബ്ദുള്ളയുടെ മകൻ അബ്ദുള്ള(റ)നല്ല വിശ്വാസിയായിന്നു അദ്ദേഹം ഒരിക്കൽ നബി(സ)യുടെ അടുത്ത് ഇരിക്കുകയായിരുന്നു.അപ്പോൾ നബി(സ) വെള്ളം കുടിക്കുകയായിരുന്നു.അപ്പോൾ സഹാബിയായ അബ്ദുള്ള(റ) പറഞ്ഞു.നബിയേ!അങ്ങ് അല്പം വെള്ളം അതിൽ ബാക്കി വെച്ചാൽ അവിടുന്ന് കുടിച്ച വെള്ളത്തിന്റെ അനുഗ്രഹീതമായ ബാക്കി എന്റെ ബാപ്പാക്ക് കുടിപ്പിക്കാമായിരുന്നു അങ്ങനെയെങ്കിലും അദ്ദേഹത്തിന്റെ മനസ്സൊന്നു ശുദ്ധമായാലോ..എന്ന് പറഞ്ഞു നബി(സ) വെള്ളം ബാക്കി വെക്കുകയും മകൻ അത് കപടനായ ഉപ്പയുടെ അടുത്ത് കൊണ്ട് പോവുകയും ചെയ്തു.ഇത് എന്താണെന്ന് അന്വേഷിച്ച ബാപ്പയോട് നബി(സ) കുടിച്ച വെള്ളത്തിന്റെ ബാക്കിയാണെന്നും ഇത് നിങ്ങൾ കുടിക്കണമെന്നും പറഞ്ഞു നിന്റെ ഉമ്മയുടെ മൂത്രമാണ് ഇതിനേക്കാൾ നല്ലതെന്നായിരുന്നു ഭാഗ്യമില്ലാത്ത ആ മനുഷ്യന്റെ പ്രതികരണം .ഉടൻ തന്നെ മകൻ നബി(സ)യെ സമീപിച്ച് ആ ദുഷ്ടനെ കൊല്ലാ ാൻ അനുവാദം തരണമെന്ന് അപേക്ഷിച്ചു.ബാപ്പയല്ലെ.പറ്റുമ്പോലെ ഗുണം ചെയ്യുകയും നന്നായി വർത്തിക്കുകയും ചെയ്യുക എന്ന് നബി(സ)പറഞ്ഞു.അപ്പോഴാണീ സൂക്തം ഇറങ്ങിയത്

അബൂബക്കർ(റ)ന്റെ പിതാവ് അബൂ ഖുഹാഫ(റ) മുസ് ലിമാകുന്നതിനു മുമ്പ് നബി(സ)യെ ചീത്ത പറഞ്ഞു.അപ്പോൾ സിദ്ധീഖ്(റ)പിതാവിനെ പിടിച്ചു തള്ളുകയും പിതാവ് മുഖം കുത്തി വീഴുകയും ചെയ്തു.നബി(സ)യോട് ഇതെക്കുറിച്ച് പറഞ്ഞപ്പോൾ എന്തിനാണത് ചെയ്തത്?മേലിൽ ആവർത്തിക്കരുത് എന്ന് നബി(സ) പറഞ്ഞു.അപ്പോൾ ശാന്തനായ സിദ്ധീഖ്(റ)ന്റെ മറുപടി അള്ളാഹുവെ തന്നെ സത്യം അപ്പോൾ എന്റെ കൈയിൽ വാളുണ്ടായിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തെ കൊല്ലുമായിരുന്നു എന്നായിരുന്നു

ഇബ്നു മസ് ഊദ്(റ)പറയുന്നത് അബൂ ഉബൈദ(റ)ന്റെ വിഷയത്തിലാണിത് അവതരിച്ചത് തന്റെ പിതാവായ ജറ് റാഹ് ഉഹ്ദ് യുദ്ധ വേളയിൽ(ബദ് റ് യുദ്ധ വേളയിൽ എന്നും അഭിപ്രായമുണ്ട്) തന്റെ മകനും സത്യവിശ്വാസിയുമായ അബൂ ഉബൈദ(റ)ന്റെ മുന്നിൽ വന്നു കൊണ്ടേയിരുന്നു മകന്റെ ആത്മവീര്യം തകർക്കുകയായിരുന്നു അയാളുടെ ലക്ഷ്യം മകൻ പല വട്ടം ഒഴിഞ്ഞു മാറിയിട്ടും വീണ്ടും വീണ്ടും തന്റെ മുന്നിൽ വന്നപ്പോൾ അവസാനം ബാപ്പയെ കൊല ചെയ്തു അത്

നബി(സ)ക്ക് അംഗീകരിക്കാൻ പ്രയാസമായി .അപ്പോഴാണീ സൂക്തം അവതരിച്ചത്

പിതാക്കൾ സത്യത്തിനെതിരെ നിന്നപ്പോഴുണ്ടായ സംഭവങ്ങളാണീ പറഞ്ഞതൊക്കെ.ഈ അയത്ത് ഇറങ്ങാൻ കാരണം ഏത് തന്നെയായാലും ഇപ്പറഞ്ഞതിനെല്ലാം ഈ നിയമം ബാധകമാണ്.

മക്കളാണെങ്കിലും അവരെ സത്യ വിശ്വാസികൾ സ്നേഹിക്കില്ല എന്നതിനു ഉദാഹരണങ്ങൾ ധാരാളമുണ്ട്.അബൂബക്കർ(റ)ന്റെ മകൻ അബ്ദുള്ള ബദ് റ് യുദ്ധവേളയിൽ ശത്രു പക്ഷത്തായിരുന്നു അന്ന് സ്വന്തം മകനെ പോരാട്ടത്തിനു വെല്ലു വിളിച്ച് സിദ്ധീഖ്(റ)രംഗത്ത് വന്നു അപ്പോൾ നബി(സ) സിദ്ദീഖ്(റ)നോട് അങ്ങയെക്കൊണ്ട് ഞങ്ങൾക്ക് ഇനിയും സന്തോഷം നൽകുക എനിക്ക് നിങ്ങൾ കണ്ണിന്റെയും കാതിന്റെയും സ്ഥാനത്താണെന്ന് നിങ്ങൾക്കറിയാമല്ലോ എന്ന് പറഞ്ഞു.(സ്വന്തം മകൻ നബി(സ)ക്ക് എതിരായപ്പോൾ മകനോടുള്ള സ്നേഹം മാറ്റിവെച്ച് നബി(സ)യോടുള്ള ഇഷ്ടത്തിനു മുൻ തൂക്കം നൽകി)

സഹോദരങ്ങളാണെങ്കിലും നബി(സ)ക്ക് എതിരാണെങ്കിൽ അവർ വിലവെക്കില്ല ഉദാഹരണമായി മിസ് അബുബിൻ ഉമൈർ(റ) ബദ് റിൽ വെച്ച് സ്വന്തം സഹോദരൻ ഉബൈദ് ബിൻ ഉമൈറിനെ കൊലപ്പെടുത്തി

മക്കളാണെങ്കിലും അവരെ സത്യ വിശ്വാസികൾ സ്നേഹിക്കില്ല.ഉദാഹരണം ഉമർ(റ) ബദ് റിൽ സ്വന്തം അമ്മാവൻ അസ്വി ബിൻ ഹിശാമിനെ കൊല ചെയ്തു ഹംസ(റ)അലി(റ)എന്നിവർ തങ്ങളുടെ കുടുംബക്കാരായ ഉത്ബത്ത്,ശൈബത്ത് വലീദ് എന്നിവരെ കൊല ചെയ്തു .അല്ലാഹുവിനോടും രസൂലിനോടും, ശാത്രവം കാണിക്കുന്നവർ എത്ര അടുത്തവരായാലും സത്യ വിശ്വാസികൾ പരിഗണിക്കില്ല എന്ന് ചുരുക്കം

ഒരു യഥാർത്ഥ സത്യ വിശ്വാസി നബി(സ)യെ സാധാരണക്കാരനെന്ന് പറയുന്ന പുത്തൻ വാദികളെയും തങ്ങളെ അവമതിക്കുന്നവരെയുമൊന്നും സ്നേഹിക്കില്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം

അവരെ അല്ലാഹു തൃപ്തിപ്പെട്ടു എന്ന് പറഞ്ഞാൽ അവരുടെ നിഷ്ക്കളങ്കമായ വിശ്വാസവും തദടിസ്ഥാനത്തിലുള്ള പ്രവർത്തനവും അല്ലാഹുവിന്റെ തൃപ്തിക്ക് അവരെ അർഹമാക്കി എന്നാണ്

അവർ അല്ലാഹുവെ തൃപ്തിപ്പെട്ടു എന്നാൽ അല്ലാഹുവിന്റെ വിധി വിലക്കുകളിലും അവർക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച പ്രതിഫലത്തിലും അവർ പൂർണ്ണ സംതൃപ്തരാകുന്നു എന്നാണ്

അല്ലാഹു അവന്റെ പൊരുത്തം നേടാൻ നമുക്കും തൌഫീഖ് നൽകട്ടെ ആമീൻ

SOURCE http://www.vazhikaati.com

http://www.sunnifaithkerala.blogspot.com/